പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 366 — 19.03.2013-ൽ മറുപടിയ്ക്ക്

ആഭ്യന്തരമായി ഉൽപ്പാദിപ്പിച്ചതും പുറമെ നിന്ന് വാങ്ങിയതുമായ വൈദ്യുതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഇ. ചന്ദ്രശേഖരൻ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് കഴിഞ്ഞ സാമ്പത്തിക വർഷം ആകെ എത്ര യൂണിറ്റ് വൈദ്യുതിയാണ് ഉദ്പാദിപ്പിച്ചതെന്നും എത്ര യൂണിറ്റ് വൈദ്യുതി സംസ്ഥാനത്തിന് പുറത്തു നിന്ന് ലഭിച്ചുവെന്നും അറിയിക്കുമോ ; | (എ) സംസ്ഥാനത്ത് കഴിഞ്ഞ സാമ്പത്തിക വർഷം സ്വകാര്യ നിലയങ്ങളിൽ നിന്നുമുള്ള ഉല്പാദനമുൾപ്പെടെ 9107.9942 Mu (ദശലക്ഷം യൂണിറ്റ്) വൈദ്യുതിയാണ് ഉല്പാദിപ്പിച്ചത്. സംസ്ഥാനത്തിനു പുറത്തു നിന്നും 9930.4715 Mu വൈദ്യുതിയാണ് ലഭിച്ചത്. അതിൽ 7876.3781 Mu കേന്ദ്രവിഹിതമായി ലഭിച്ച വൈദ്യുതിയാണ്. |
| (ബി) ഈ സാമ്പത്തിക വർഷം ഇതുവരെ എത്ര വൈദ്യുതി ഉദ്പാദിപ്പിച്ചുവെന്നും ഇത് മുൻ വർഷത്തെ ഇതേ കാലയളവിനെക്കാൾ എത്ര കുറവാണെന്നും വ്യക്തമാക്കുമോ ; | (ബി) ഈ സാമ്പത്തിക വർഷം ഏപ്രിൽ 12 മുതൽ ഫെബ്രുവരി 13 വരെയുളള വൈദ്യുതി ഉല്പാദനം സ്വകാര്യ നിലയങ്ങളിലേത് ഉൾപ്പെടെ 6534.1732 Mu ആണ്. ഇത് കഴിഞ്ഞ സാമ്പത്തിക വർഷത്തേതിൽ നിന്നും 1667.3245 Mu കുറവാണ്. |
| (സി) സംസ്ഥാനം പുറമെ നിന്ന് വൈദ്യുതി വാങ്ങിയതിന് മുൻ വർഷവും ഈ വർഷവും ഇതേ കാലയളവിൽ എത്ര തുക ചെലവാക്കിയെന്ന് വ്യക്തമാക്കുമോ ? | (സി) 2011-12 സാമ്പത്തിക വർഷത്തെ ആഡിറ്റ് നടന്നുകൊണ്ടിരിക്കുന്ന താത്കാലിക കണക്കു പ്രകാരം പ്രസ്തുത വർഷത്തിൽ ബോർഡ് വൈദ്യുതി വാങ്ങുന്ന ഇനത്തിൽ 4375.31 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ 2013 മാർച്ച് 15 -ാം തീയതി വരെ ഏകദേശം 6934.53 കോടി രൂപയും ചെലവായി. |

സെക്ഷൻ ഓഫീസർ.